Australian Government

BE COVIDSAFE

# COVID-19: രോഗലക്ഷണങ്ങൾ തിരിച്ചറിയൽ

| രോഗലക്ഷണങ്ങൾ | COVID-19<br>നേരിയതുതൊട്ട് കടുത്തതു വരെയുള്ള ലക്ഷണങ്ങൾ | ജലദോഷം<br>ലക്ഷണങ്ങൾ ക്രമേണ പ്രകടമാകുന്നു | ഫ്ലൂ<br>ലക്ഷണങ്ങൾ പെട്ടെന്ന് പ്രകടമാകുന്നു | അലർജികൾ*<br>ലക്ഷണങ്ങൾ പെട്ടെന്നോ അല്ലെങ്കിൽ ക്രമേണയോ പ്രകടമായേക്കാം |
|---|---|---|---|---|
| പനി | സാധാരണം | അപൂർവം | സാധാരണം | ഇല്ല |
| ചുമ | സാധാരണം | സാധാരണം | സാധാരണം | സാധാരണം (ആസ്മ) |
| തൊണ്ടവേദന | ചിലപ്പോൾ | സാധാരണം | ചിലപ്പോൾ | ചിലപ്പോൾ (തൊണ്ടയിലും അണ്ണാക്കിലും ചൊറിച്ചിൽ) |
| ശ്വാസതടസ്സം | ചിലപ്പോൾ | ഇല്ല | ഇല്ല | സാധാരണം (ആസ്മ) |
| ക്ഷീണം | ചിലപ്പോൾ | Sometimes | സാധാരണം | ചിലപ്പോൾ |
| കഴപ്പും വേദനയും | ചിലപ്പോൾ | ഇല്ല | സാധാരണം | ഇല്ല |
| തലവേദന | ചിലപ്പോൾ | സാധാരണം | സാധാരണം | ചിലപ്പോൾ |
| മൂക്കൊലിപ്പ് മൂക്കടപ്പ് | ചിലപ്പോൾ | സാധാരണം | ചിലപ്പോൾ | സാധാരണം |
| വയറിളക്കം | അപൂർവം | ഇല്ല | ചിലപ്പോൾ, പ്രത്യേകിച്ചും കുട്ടികൾക്ക് | ഇല്ല |
| തുമ്മൽ | ഇല്ല | സാധാരണം | ഇല്ല | സാധാരണം |

ലോകാരോഗ്യസംഘടന (WHO); അമേരിക്കൻ രോഗനിയന്ത്രണ പ്രതിരോധ കേന്ദ്രങ്ങൾ (CDC); അമേരിക്കൻ അക്കാദമി ഓഫ് അലർജി, ആസ്മ ആൻഡ് ഇമ്മ്യൂണോളജി എന്നീ സ്ഥാപനങ്ങൾ തയാറാക്കിയ വിവരങ്ങൾക്കനുസൃതമായത്. *ശ്വസനസംബന്ധമായ അലർജികളിൽ അലർജിക് റൈനൈറ്റിസ് (ജലദോഷപ്പനി), അലർജിക് ആസ്മ എന്നിവ ഉൾപ്പെടും. ജലദോഷപ്പനിയുടെ മറ്റ സാധാരണ ലക്ഷണങ്ങൾ മൂക്കിൽ ചൊറിച്ചിലും, കണ്ണുകളിൽ വെള്ളം നിറയുന്നതുമാണ്. COVID-19, ഇൻഫ്ലുവൻസ, ജലദോഷം എന്നിവയുടെ ലക്ഷണങ്ങളെ പരസ്പരം തിരിച്ചറിയുക പ്രയാസമായിരിക്കും. നിങ്ങൾക്ക് പകർച്ചവ്യാധികളുടെയോ അല്ലെങ്കിൽ ശ്വാസോച്ഛ്വാസ സംബന്ധമായ രോഗലക്ഷണങ്ങളോ (തൊണ്ടവേദന, തലവേദന, പനി, ശ്വാസതടസ്സം, പേശിവേദന, ചുമ, മൂക്കൊലിപ്പ് പോലുള്ളവ) ഉണ്ടെങ്കിൽ ജോലിക്ക് പോകരുത്. ഒറ്റയ്ക്ക് താമസിക്കുകയും ഒരു മെഡിക്കൽ പ്രൊഫഷണൽ നിങ്ങളെ പരിശോധിക്കുകയും വേണം. നിങ്ങളുടെ സംരക്ഷണതയിലുള്ളവർക്ക് വേണ്ടുന്ന പ്രതിരോധവും സുരക്ഷിതത്വവും ഉണ്ടെന്ന് ഉറപ്പുവരുത്തുക. അപ്രതീക്ഷിതമായ ലക്ഷണങ്ങൾ വ്യത്യസ്തമായോ, പതിവിലധികമായോ തോന്നുന്നതോടൊപ്പം പതിവ് മരുന്നുകൾ ഫലപ്രദമല്ലെന്നു കണ്ടാൽ അലർജിക് റൈനൈറ്റിസ് (ജലദോഷപ്പനി), അലർജിക് ആസ്മ പോലുള്ള ശ്വസനസംബന്ധമായ അലർജികളുടെ രോഗലക്ഷണങ്ങൾ ഉള്ളവർ വീട്ടിൽ തന്നെ കഴിഞ്ഞ് പ്രസ്തുത രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്ന സമയത്ത് തന്നെ COVID-19 ടെസ്റ്റ് ചെയ്യേണ്ടതാണ്.

**കൊറോണ വൈറസ് (COVID-19)** സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **health.gov.au** സന്ദർശിക്കുക.
www.**health.gov.au/resources/translated** സന്ദർശിക്കുക അല്ലെങ്കിൽ തർജ്ജമ പരിഭാഷ സേവനങ്ങൾക്ക് **131 450** ലേക്ക് വിളിക്കുക.

DTDT0001045